കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

*രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി-ബി.പി-1469/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ ജില്ല,
തീയതി: 06.10.2018
ഫോൺ – 0477 2252
ഇ-മെയിൽ -ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത്

.

സർ,

വിഷയം:- പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്തിന് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-11ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-1469/2018 തീയതി, 06.10.2018

# ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 25.10.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 13.08.2018 മുതൽ<br>20.08.2018 വരെ (ശ്രീ.റോയി,സീനിയർ ഗ്രഡ് ഓഡിറ്റർ 18.8.2018വരെ) | ശ്രീമതി.എസ്സ്.എൽസമ്മ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.മായ.വി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രശോഭൻ.കെ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീ.റോയി.റ്റി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ്<br>ശ്രീമതി.വൽസല തമ്പി<br>ശ്രീമതി. മണി പ്രഭാകരൻ | 01.4.2017 മുതൽ 2.1.18വരെ.<br>3.1.2018 മുതൽ 31.3.2018 വരെ |

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.സി.റ്റി.വിനോദ് | 01.4.2017മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം | ശ്രീമതി.ശ്രീജ.എ.റ്റി. | 01.4.2017മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം. | ശ്രീ.ഗൗരിശൻ<br>ശ്രീ.അജിത്കുമാർ.പി.എം. | 01.4.2017മുതൽ<br>5.12.17വരെ<br>6.12.2017മുതൽ<br>31.3.2018 വരെ |
| 4 | ആരോഗ്യ, വിദ്യാഭ്യാസം | ശ്രീമതി.ഹേമ ദാമോദരൻ | 01.4.2017മുതൽ 31.3.18വരെ. |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.എസ്.സലില | 1.4.2017 മുതൽ 26.6.2017വരെ |
| ശ്രീ.എസ്.മധുസൂദനൻ (ജോയിന്റ് ബി.ഡി.ഒ.) (ഇൻചാർജ്ജ്) | 27.06.2017 മുതൽ 29.06.2017വരെ |
| ശ്രീമതി.പി.ജി.പ്രസന്നകുമാരി | 30.6.2017 മുതൽ 31.3.2018 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി.ചിത്ര.റ്റി | 01.04.2017 മുതൽ 31.3.2018 വരെ |
| എസ്.സി.ഡി.ഒ. | ശ്രീമതി.ഉഷാദേവി | 01.04.2017 മുതൽ 31.03.2018വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി.എൽ.സുസ്മിത | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എ.ആർ.സുന്ദർലാൽ | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പ്രിയമ്മ ഫിലിപ്പ്<br>ശ്രീമതി.സീന.ജി.ആർ<br>ശ്രീമതി.പ്രിയമ്മ | 01.04.2017 മുതൽ 9.12.2017വരെ<br>9.12.2017 മുതൽ 9.1.2018 വരെ<br>9.1.2018 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| | ഫിലിപ്പ് | |
| സി.ഡി.പി.ഒ. | ശ്രീമതി.ലേഖ<br>ശ്രീമതി.ഗ്രേസി.ജെ.<br>ശ്രീമതി.പി.പി.ജയശ്രീ<br>ശ്രീമതി.ഗ്രേസി.ജെ.<br>ഡോ.ശിൽപ്പ | 01.04.2017 മുതൽ 19.8.17 വരെ<br>19.8.2017 മുതൽ 26.10.2017വരെ<br>27.10.2017 മുതൽ 29.11.2017<br>30.11.2017 മുതൽ 12.12.2017 വരെ<br>13.12.2017മുതൽ 31.3.2018<br>വരെ |
| മെഡിക്കൽ ഓഫീസർ, ഉറവൂർ താലൂക്ക് അശുപത്രി | ഡോ. ആർ. റൂബി | 01.04.2017 മുതൽ 31.03.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.3.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 65,98,65,981 രൂപയും പ്രതീക്ഷിത ചെലവ് 63,12,72,682രൂപയും ആണ്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 12,53,85,320 രൂപയും ചെലവ് 10,51,19,952രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ വിവരം |
|---|---|---|
| 31.7.2018 | 30.6.2018 | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 50412952 |
| വരവ് | 125385320 |
| ആകെ | 175798272 |
| ചെലവ് | 105119952 |
| നീക്കിയിരിപ്പ് | 70678320 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 43731878 | 43731878 | 34259336 | 9472542 |
| വികസനഫണ്ട് എസ്.സി.പി | 0 | 16906000 | 16906000 | 14093458 | 2812542 |
| വികസനഫണ്ട് ടി.എസ്.പി | 0 | 432000 | 432000 | 432000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5377000 | 5377000 | 4923722 | 453278 |

| | | | | | |
|---|---|---|---|---|---|
| ജി.ഒ.പ്രോജക്ട് ബാങ്ക് ഓഫ് ഇൻഡ്യ | 9839401 | 377411 | 10216812 | 1271444 | 8945368 |
| എസ്.ബി.ഐ.പട്ടണക്കാട്. | 0 | 71348 | 71348 | 0 | 71348 |
| എസ്.ബി.ഐ, ഐ.എ.വൈ.അഡ്മിൻ | 9317 | 25366 | 34683 | 18685 | 15998 |
| ബാങ്ക് ഓഫ് ഇൻഡ്യ,ഡബ്ള്യ.ഡി.എഫ്. | 662736 | 25407 | 688143 | 0 | 688143 |
| 'ട്രഷറി.റ്റി.എസ്.ബി, ജനറൽ പർപ്പസ് | 3562494 | 4319261 | 7881755 | 7630443 | 251312 |
| പഞ്ചാബ് നാഷണൽ ബാങ്ക്, ടി.എസ്.സി. | 402928 | 19192 | 422120 | 4005 | 418115 |
| കാനറ ബാങ്ക് | 872425 | 33541 | 905966 | 900030 | 5936 |
| പി.എൻ.ബി.അരൂർ | 32733815 | 42161106 | 74894921 | 33096977 | 41797944 |
| പി.എൻ.ബി. ചേർത്തല | 0 | 432995 | 432995 | 124850 | 308145 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 0 | 32638617 | 32638617 | 16464291 | 16174326 |
| എസ്.ബി.ഐ.ടോട്ടൽ സാനിറ്റേഷൻ | 618395 | 59846 | 678241 | 0 | 678241 |
| തനത് ഫണ്ട് | 1695176 | 1302176 | 2997352 | 1681443 | 1315909 |

<u>വിവിധ ഫണ്ടുകളിലായി ചെലവഴിക്കപ്പെടാതെ നഷ്ടമാക്കിയത് 1.22കോടി രൂപ</u>

ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് കോടിക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 43731878 | 34259336 | 9472542 |
| വികസനഫണ്ട് (എസ്.സി.പി) | 16906000 | 14093458 | 2812542 |
| | | ആകെ | 12285084 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും കുറെകൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ആയതിനാൽ വരുംവർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

<u>1-5 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 92 | 77787290 | 75 | 53708516 | 0 | 17 | 81% |

വ്യവസായ മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 (1) നാലാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലകൾ നടപ്പിലാക്കാനുണ്ട്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയാണവ. ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

തുടർ വർഷങ്ങളിൽ വ്യവസായ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്തു നടപ്പിലാക്കാവുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രോജക്ടുകൾക്ക് വികസന കാഴ്ചപ്പാട് ഇല്ല

പട്ടണക്കാട് ബ്ളോക്കിന്റെ പരിധിയിൽ വരുന്ന പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് ഒരു വികസനകാഴ്ചപ്പാട് വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റിക്കോ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിക്കോ ഇല്ല എന്നു കാണുന്നു. 13-ാം പഞ്ചവൽസര പദ്ധതിയുടെ (2017-2022) കാലയളവിൽ പൂർത്തീകരിക്കേണ്ട പൊതുമരാമത്ത് പദ്ധതികളോ ഇതിനായി ഓരോ വാർഷിക പദ്ധതികളിൽ ഏറ്റെടുത്തു നടത്തേണ്ട വർക്കുകളോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുന്നില്ല. ബ്ളോക്കിനു കീഴിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി പരിഗണിച്ചതായി കാണുന്നില്ല. പകരം വാർഷിക പ്രോജക്ടുകൾ ഓരോ ഡിവിഷനുകളിലേക്ക് വീതം വച്ചു പോകുന്നതായി കാണുന്നു.

2017/18 വർഷം 21 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 49 പൊതുമരാമത്ത് വർക്കുകൾക്ക് അംഗീകാരം ലഭിച്ചതിൽ 35 പ്രോജക്ടുകൾ നടപ്പാക്കുകയുണ്ടായി. ഇതോടൊപ്പം 2017/18 വർഷം തന്നെ MP ഫണ്ട് ഉപയോഗിച്ച് 31 വിവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള പൊതുമരാമത്ത് വർക്കുകൾ മറ്റ് ഏജൻസികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള പൊതുമരാമത്ത് വർക്കുകൾ തുടങ്ങിയവ പരിഗണിച്ചുവേണം വാർഷിക പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. അതിലുപരി പൊതുമരാമത്ത് വർക്കുകളുമായി ബന്ധപ്പെട്ട് ഒരു വികസനകാഴ്ചപ്പാട് ബ്ളോക്ക് പഞ്ചായത്തിന് ഉണ്ടാകേണ്ടതാണ്.

2017/18 വർഷം നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ടുകാണുന്ന പ്രധാന പോരായ്മകൾ താഴെ പറയുന്നു.

1. 8-8-2017 ൽ ചേർന്ന ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1- മത് നിശ്ചയ പ്രകാരം DPC അംഗീകരിച്ച 11 പ്രോജക്ടുകൾ ഉപേക്ഷിക്കുവാനും പകരം 11 പ്രോജക്ടുകൾക്ക് അംഗീകാരം നൽകുവാനും തീരുമാനിച്ചു. പ്രോജക്ടുകൾ ഉപേക്ഷിക്കുവാനുള്ള കാരണമോ പുതിയവ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയോ യോഗം ചർച്ച ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റിപ്പോർട്ട് പരിശോധിച്ചതായി കാണുന്നില്ല.
2. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളിൽ വർക്ക് ഏറ്റെടുത്തു നടത്തുമ്പോൾ അതാത്

ഗ്രാമ പഞ്ചായത്തുകളുടെ അനുമതി വാങ്ങിക്കുന്നില്ല എന്നു കാണുന്നു. മാത്രമല്ല വർക്കിന്റെ മൂല്യം ആസ്തിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നുമില്ല. 2017/18 വർഷം കുത്തിയതോട് ഗ്രാമ പഞ്ചായത്തിലെ ചാവടി മാർക്കറ്റ് നവീകരണം (പ്രോജക്ട് നം.98/18) എന്ന പ്രോജക്ടിന് അനുമതി നൽകിയെങ്കിലും നടപ്പാക്കുവാൻ സാധിച്ചില്ല. കാരണം കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ എതിർപ്പു മൂലമാണെന്നാണ് 7-3-2018 ൽ കൂടിയ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ചർച്ചകളിൽ കാണുന്നത്. എത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. പ്രോജക്ടുകൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതിനു മുൻപു തന്നെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ ഗ്രാമസഭയിൽ ഈ കാര്യം അവതരിപ്പിക്കേണ്ടതും പ്രദേശവാസികളുടെ എതിർപ്പ് ഇല്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഉദാഹരണമായി കോടംതുരുത്ത് വാർഡ് 12 ൽ തയ്യിൽതോട് പൈങ്ങിത്തറ വരെ കല്ലുകെട്ട് എന്ന വർക്കിന് കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിനു ശേഷം പ്രദേശവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ഉപേക്ഷിച്ചതായും എഗ്രിമെന്റ് റദ്ദുചെയ്യുവാൻ തീരുമാനിച്ചതായും 7-3-2018 ൽ കൂടിയ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ നിശ്ചയത്തിൽ കാണുന്നു. ഇത്തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകാതിരിക്കുവാൻ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-6 ആഭ്യന്തരനിയന്ത്രണം

1. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് വൗച്ചറുകൾ കൃത്യമായി നമ്പരിട്ടു സൂക്ഷിക്കുന്നില്ല. പല വൗച്ചറുകളും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നത് നിയമാനുസൃത നടപടിയിലൂടെയല്ല.
3. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമില്ല.
4. ബ്ലോക്ക് പഞ്ചായത്തിൽ പണം സൂക്ഷിപ്പിക്കുന്നതിന് ഇൻഷ്വറൻസ് കവറേജില്ല.
5. ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളായ ബിൽ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. വരവിനങ്ങളുടെ വാർഷിക ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. രസീതുകൾ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | മെയ് 2018 | 2017-2018 | റിപ്പോർട്ട് ലഭ്യമായില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.14 | 2012-13 | 04.03.14 |

1-8 വാർഷിക കണക്കുകൾ പരിശോധനയിൽ കണ്ട അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ല.
2. വാടക രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കാത്തതിനാൽ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. വാർഷികകണക്കിൽ RP 3ൽ 'rent remission and refund-Auditorium and halls' എന്ന ഹെഡിൽ തുക നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.
4. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് സ്റ്റോക്ക് രജിസ്റ്ററില്ല

ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീതുകളുടെ പരിപാലനത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന് രസീതുകളുടെ കൗണ്ടർഫോയിലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പല രസീതുകളുടേയും കൗണ്ടർഫോയിലുകളിൽ രസീത് നംപർ/തീയതി പ്രിന്റ് ചെയ്തിട്ടില്ല. ഓവർ റൈറ്റിംഗ് മൂലം വായിക്കാൻ പറ്റാത്ത രസീതുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ചില രസീതുകളും കൗണ്ടർ ഫോയിലുകളും രേഖപ്പെടുത്തലുകൾ വരുത്തുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ ബ്ലാങ്ക് ആയി സൂക്ഷിച്ചിരിക്കുന്നു. (ഉദാ:- C0757366, C0757364, C0757346, C0757347). മേൽ അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കമ്മ്യൂണിറ്റി ഹാൾ വാടക: രജിസ്റ്റർ ഇല്ല

ബ്ലോക്ക് പഞ്ചായത്ത് വക കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ 9000 രൂപയും സെക്യൂരിറ്റി

ഡെപ്പോസിറ്റ് ആയി 4000 രൂപയും ഉൾപ്പെടെ 13000 രൂപയാണ് വാടകക്കാരിൽനിന്നും ഈടാക്കുന്നത്. ഉപയോഗശേഷം ഹാൾ യഥാവിധി തിരിച്ചേൽപ്പിക്കുമ്പോൾ 4000 രൂപ തിരികെ നൽകുന്നു. വാടക സംബന്ധിച്ച നിയമാവലി/ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ വാടക വരവ് രേഖപ്പെടുത്തുന്നതിനായി വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് വരവ് ചെലവുകൾ രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ ആണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. വാടകരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-3 കലവറ വനിതാ ക്യാന്റീൻ - വാടക വർദ്ധന വരുത്തിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ കലവറ വനിതാ ക്യാന്റീൻ പ്രവർത്തിക്കുന്ന കടമുറി 11.06.2017-ലെ കരാർ പ്രകാരം (നം.1/17-18) ശില്പ വനിതാ സ്വയം സഹായസംഘത്തിന് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ആദ്യത്തെ ആറു മാസത്തിനുശേഷം ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രതിമാസവാടക ഒടുക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശേഷം 01.11.2008- ൽ കരാർ പുതുക്കുകയും പ്രതിമാസവാടക 200/- ആയി നിശ്ചയിച്ചുനൽകുകയും ചെയ്തു. പിന്നീട് വാടക ഇതുവരെ പുതുക്കി നൽകിയിട്ടില്ല. ഈ വിഷയം പരിശോധിക്കാവുന്നതും വാടക വർദ്ധന വരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്നുകളും ഉപകരണങ്ങളും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, തുറവൂർ താലൂക്ക് ആശുപത്രി നടപ്പിലാക്കിയ പ്രോജക്ടുകളിൽ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു തുക മുൻകൂറായി നൽകിയെങ്കിലും ഇതുവരെ മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | നൽകിയ തുക/ ബിൽ നം/തീയതി | ലഭ്യമായ മരുന്നിന്റെ വില | ബാക്കി |
|---|---|---|---|
| S0119/18<br>തുറവൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിന് കൺസ്യൂമബിൾസ് വാങ്ങൽ | 233001/-<br>26/17-18<br>/28.03.2018 | 0 | 233001/- |
| S0031/18<br>തുറവൂർ, വെട്ടയ്ക്കൽ ആശുപത്രികളിലേക്ക് മരുന്നു വാങ്ങൽ | 500000/-<br>7/17-18<br>/25.01.2018 | 106345/- | 393655/- |
| ആകെ | | | 626656 |

മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സാമ്പത്തിക വർഷാവസാനമാണ് മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിന് തുക നൽകിയിട്ടുള്ളത്. സമയബന്ധിതമായി തുക കൈമാറുകയാണെങ്കിൽ അതത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തിയാക്കാനും ഗുണഭോക്താക്കൾക്ക് യഥാസമയം പ്രോജക്ടിന്റെ ആനുകൂല്യം ലഭിക്കുവാനും കഴിയുന്നതാണ്.

## 3-2 ഭിന്നശേഷി സ്കോളർഷിപ്പ്:-ചെലവ് രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 49/17-18

അടങ്കൽ - 22,87,500

ബിൽ നമ്പർ -1/17-18 - 13,00,000

2/17-18 - 9,87,500

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട വിവിധ ഗ്രാമപഞ്ചായത്തുകളിലെ ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന പഠിതാക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്ക് വിഹിതമായി 22,87,500 രൂപ വകയിരുത്തി ശിശുവികസന പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടാണിത്. ടി പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സംയുക്ത പദ്ധതി ആവിഷ്കരിക്കുന്നതിന് മുന്നോടിയായി അതാത് ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുമായി കൂടിയാലോചിച്ച് ഗുണഭോക്താക്കളുടെ എണ്ണം, വകയിരുത്തേണ്ട തുക എന്നിവ തീരുമാനിച്ചതായി കാണുന്നില്ല. ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾക്ക് എത്ര വീതം തുക എന്നും എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് എന്നും ഉള്ള അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് 22,87,500/-രൂപ വകയിരുത്തിയത്.
2. താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട സെക്രട്ടറിമാരുടെ സ്പെഷ്യൽ ടി.എസ്സ്.ബി. അക്കൗണ്ടിലേയ്ക്ക് ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3. തുക ചെലവഴിച്ചതിന്റെ വൌച്ചറുകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയില്ല.

കുത്തിയതോട് - 2,12,500

അരൂർ - 4,25,000

എഴുപുന്ന - 3,50,000

കോടംതുരുത്ത് - 2,75,000

തുറവൂർ - 3,50,000

പട്ടണക്കാട് - 4,00,000

വയലാർ - 2,75,000

ആകെ -22,87,500

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/18.8.2018) മറുപടി ലഭ്യമാക്കിയില്ല. വൌച്ചറുകളുടേയും വിനിയോഗസാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 ചെലവുരേഖകൾ ഹാജരാക്കിയില്ല

താഴെപ്പറയുന്ന ചെക്കുകൾ പ്രകാരം വിവിധയിനങ്ങളിലായി തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ചെലവുരേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/20.8.2018) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

| പേര് | ചെക്ക് നം. തുക | ഇനം |
|---|---|---|
| ശ്രീ.ജോൺ ജോസഫ് | 104167/26.5.17<br>25,000/- | പദ്ധതി നിർവ്വഹണം |
| ടി | 971839/2.9.17<br>13,950/- | ഹരിതകേരളം |
| ടി | 971845/25.9.17<br>8,630/- | സമ്മർ ക്യാമ്പ് |
| ടി | 318026/24.2.18<br>40,500/- | സാക്ഷരതാ ജില്ലാതല കലോൽസവം |
| ടി | 318027/1.3.18<br>22,800 | ഏകദിന പരിശീലനം |
| ടി | 971879/12.2.18<br>50,000/- | 13-ാം പദ്ധതി നിർവ്വഹണം |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 1,60,880 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി.പി. പ്രോജക്ടുകൾ: ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സുതാര്യതയില്ല

1. പട്ടികജാതി വനിതകൾക്ക് വാസയോഗ്യമായ വീട് വാങ്ങൽ (പ്രോജക്ട് നം. S0036/18) പ്രോജക്ടിനായി 2017-18 ൽ 63,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്താക്കളായ ശ്രീമതി. ശ്രീജ.സി.എം, ചെറുഉരുത്തിക്കളം, അത്തൂർ, ശ്രീമതി. വത്സല, വളപ്പാനടി നികർത്ത്, കോടംഉരുത്ത് എന്നിവർ 21.08.2017-ലെ 9(3) തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തതായി കാണുന്നു. പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം 2014-15 മുതൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 27.09.2003 ലെ 45369/ഡി.പി.1/03 സർക്കുലർ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് മുൻവർഷങ്ങളിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം നൽകിയതിനുശേഷം മാത്രം പുതിയ ലിസ്റ്റ് പരിഗണിച്ചാൽ മതി. എന്നാൽ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. വിശദീകരണം ആവശ്യപ്പെട്ട് 20.08.2018-ൽ

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശ്രീമതി. ശ്രീജ.സി.എം, ചെറുതുരുത്തിക്കളം, അരൂർ, ശ്രീമതി. വത്സല, വളപ്പാനടി നികർത്ത്, കോടംതുരുത്ത് എന്നിവരെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെന്നും കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണെന്നും മുൻ വർഷങ്ങളിലെ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുമ്പോൾ ലിസ്റ്റിന് വീണ്ടും ഗ്രാമസഭയുടെ സാധൂകരണം വാങ്ങണമെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും അർഹത ഉറപ്പുവരുത്തിയതിനു ശേഷമാണ് ആനുകൂല്യം നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

2. മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് ധനസഹായം (എസ്.സി) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 520000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്താക്കളെ പട്ടികജാതി വികസന ഓഫീസറുടെ ആവശ്യപ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭയിൽ വച്ച് സാധൂകരണം വാങ്ങിയതായി കാണുന്നില്ല. 03.04.2017-ലെ ജി.ഒ(എം.എസ്) നം.80/2017 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ആനുകൂല്യം നൽകുകയാണെങ്കിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും പഞ്ചായത്തുകമ്മറ്റിയും അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് തീരുമാനം ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വിവിധ പ്രോജക്ടുകൾ വഴി നൽകുന്ന ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ കൂടുതൽ സുതാര്യത ആവശ്യമാണ്. അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകുന്നതെന്ന് ഉറപ്പാക്കേണ്ട ബാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥർക്കുമുണ്ട്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 മത്സ്യസഹകരണ സംഘം അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്: മോണിട്ടറിംഗ് നടത്തിയില്ല

മത്സ്യസഹകരണ സംഘത്തിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി പ്രകാരം അരൂർ ഉൾനാടൻ മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം, അരൂർ എഴുപുന്ന മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം എന്നീ രണ്ട് സംഘങ്ങളിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 6,06,000 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ബിൽനം-68/2017-18/28.3.2018). സംഘത്തിലെ ഓരോ അംഗത്തിനും 3000 രൂപ വീതം നൽകുന്നതിനായി രണ്ട് സംഘങ്ങൾക്കും 3,03,000 രൂപ വീതം നൽകിയിട്ടുണ്ട്. ഓരോ സംഘത്തിലേയും തെരഞ്ഞെടുക്കപ്പെട്ട 101 മത്സ്യതൊഴിലാളി അംഗങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, സംഘങ്ങളുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകിയ തുക ഓരോ സംഘവും അംഗങ്ങൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ മോണിട്ടറിംഗ് സമിതി പരിശോധിച്ച് ഉറപ്പാക്കിയതിന്റെ രേഖകൾ ഫയലില്ല. പദ്ധതി നടത്തിപ്പിനുശേഷമുള്ള മോണിട്ടറിംഗ് കാര്യക്ഷമമായി നടക്കുന്നില്ലായെന്നാണ് ഇത് വ്യക്തമാക്കുന്നത്. മേൽ സംഘങ്ങളിലെ അംഗങ്ങൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

## 3-6 സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തുന്നു

പദ്ധതി ആസൂത്രണ നിർവ്വഹണ ചെലവുകളുടെ (പ്രോജക്ട് നം 07/2018) ഭാഗമായി പദ്ധതി രേഖ, വികസന രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ അച്ചടിച്ചതിന് ഐശ്വര്യാ പ്രിന്റേഴ്സിന് 49,400 രൂപ നൽകിയിട്ടുണ്ട് (ആകെ ചെലവ് തുക 1,14,254 രൂപ, തനത് ഫണ്ട്). പ്രിന്റിംഗിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളൊന്നും ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. അതുപോലെ

കേരളോത്സവത്തിന്റെ (പ്രോജക്ട് നം 02/2018) നടത്തിപ്പിനായി 35,859 രൂപ ചെലവഴിച്ച് (ബിൽനം -- 50/2017-18/ 28.2.2018, ആകെ ചെലവ് തുക 1,00,000 രൂപ, വികസന ഫണ്ട്) ചേർത്തല സിറ്റി സ്പോർട്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്ട്സ് ഉപകരണങ്ങളും മൊമെന്റോകളും വാങ്ങിയിട്ടുണ്ട്. ചേർത്തല സിറ്റി സ്പോർട്സിന്റെ 5.11.2017ലെ 577 മുതൽ 581 വരെയുള്ള ബില്ലുകൾ പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. 2010ലെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം 50,000 രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ പ്രകാരമാണ് നടത്തേണ്ടത്. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നതെന്ന് പർച്ചേസ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ടി പദ്ധതി പ്രകാരംജില്ലാ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് യാത്രാബത്ത നൽകുന്നതിനായി 16,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ യാത്രബത്ത കൈപ്പറ്റിയ കുട്ടികളുടെ എണ്ണം, പേരുവിവരം, ഓരോ കുട്ടിയ്ക്കും നൽകിയ തുക, കൈപ്പറ്റ് രസീത് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 16,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ (113/2018) പ്രകാരം പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്കായി വികസന ഫണ്ടിൽ നിന്നും 1,88,000 രൂപ പിൻവലിച്ച് (ബിൽ നം. 20/2017-18/10.1.2018) സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 80,000 രൂപയും പന്ത്രണ്ടാംതരം തുല്യതാ പരീക്ഷയ്ക്കായി 1,08,000 രൂപയുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ഓരോ വിഭാഗത്തിലും എത്ര ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക നൽകിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ ഗുണഭോക്താക്കളുടെ പേരുവിവരം, ഹാജർ, പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ല. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണി: മൂല്യനിർണ്ണയത്തിൽ പിഴവ്

ഈ വർക്കിന് കരാർ പ്രകാരമുള്ള നിരക്ക് അനുസരിച്ച് (ഐറ്റം റേറ്റ് കോൺട്രാക്ട്) ആകെ മൂല്യം 1489243.70 രൂപയാണെങ്കിലും കരാറുകാരൻ അംഗീകരിച്ച 1274287 രൂപയിൽ ലിമിറ്റ് ചെയ്യുകയാണുണ്ടായത്. (ബിൽ നം 20/30-3-2017 Rs.1109342 & ബിൽ നം. 35/31-3-2018 Rs.164946) വർക്കുമായി ബന്ധപ്പെട്ട് കാണുന്ന പോരായ്മകൾ.

1. അപ്പെൻഡിക്സ് A ഇനം 3 പ്രകാരം 175.5$m^2$ അളവിൽ പോളികാർബണേറ്റ് ഷീറ്റ് ഉപയോഗിച്ചതിന് $m^2$ ന് 1000രൂപ വച്ച് 175500രൂപ മൂല്യം കണക്കാക്കിയിരുന്നു. എന്നാൽ മേൽക്കൂരയായി ഉപയോഗിച്ചിരുന്ന പോളികാർബണേറ്റ് ഷീറ്റിന് കേടുപാടുകൾ വന്നിട്ടുള്ളതിനാൽ പകരം G.I.ഷീറ്റ് ഇടണമെന്ന് 19-9-2017 ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കുകയും. തുടർന്ന് G.I.ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര മാറ്റിയെങ്കിലും അളവ് പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല.
2. അപ്പെൻഡിക്സ് A ഇനം 9 പ്രകാരം 341.847$m^2$ ഇന്റർ ലോക്ക് ടൈൽ വിരിച്ചതിന് 900/$m^2$ വച്ച് 307662 മൂല്യം നിർണ്ണയിച്ചിരുന്നു. അപ്പെൻഡിക്സ് A ഇനം 8 പ്രകാരം ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ് തന്നെയാണ് ഇന്റർ ലോക്ക് ടൈൽ വിരിച്ചതിന്റെ അളവായും രേഖപ്പെടുത്തിയിരിക്കുന്നത് ഗ്രാവൽ ഫില്ലിംഗ് നടത്തിയത് തെങ്ങ്, വാഷ് ഏരിയ, സ്റ്റെപ്പ് എന്നിവ ഉൾപ്പെടുന്ന 11.7$m^2$ ഒഴിവാക്കിയാണ് എന്നാൽ ഇന്റർ ലോക്ക് ടൈൽ വിരിച്ചതിന്റെ അളവിൽ നിന്നും ഈ ഏരിയ കുറവ് ചെയ്തല്ല മൂല്യം നിർണ്ണയിച്ചിട്ടുള്ളത്. ഇതുപ്രകാരം അധിക മൂല്യം നിർണ്ണയിച്ചത് 11.7x900=10530 രൂപ.

3. അപ്പെൻഡിക്സ് A ഇനം 10പ്രകാരം വരാന്തയിൽ സിറാമിക് ടൈൽ വിരിക്കുന്നതിന് 134.3$m^2$ ന് 134300 രൂപ മൂല്യം കണക്കാക്കിയിരുന്നു. എന്നാൽ വരാന്തയിലുള്ള 14 തൂണുകളുടെ ഏരിയ ആയ 2.24$m^2$ (14x0.4x0.4 =2.24) കുറവ് ചെയ്യാതെ മൂല്യം കണക്കാക്കിയിട്ടുള്ളത്. ഇതുപ്രകാരം അധിക മൂല്യം നിർണ്ണയിച്ചത് 2.24x1000=2240 രൂപ.

അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ ശരിയാക്കി അധികതുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-9 സംയുക്ത പദ്ധതികൾ: ധനവിനിയോഗ സാക്ഷ്യപത്രമില്ല

പാലിയേറ്റീവ് പരിചരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോജക്ട് നം – 95/2018) പദ്ധതിയിൽ പട്ടണക്കാട്, അരൂർ, കുത്തിയതോട് ഗ്രാമപഞ്ചായത്തുകൾക്ക് രണ്ട് ലക്ഷം രൂപ വീതവും വയലാർ ഗ്രാമപഞ്ചായത്തിന് ഒന്നര ലക്ഷം രൂപയും ആശ്രയ പദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (പ്രോജക്ട് നം - 96/2018) പദ്ധതിയിൽ അരൂർ, പട്ടണക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് 1,50,000 രൂപ വീതവും കുത്തിയതോട് ഗ്രാമപഞ്ചായത്തിന് 1,40,000 രൂപയും തൻവർഷം ബ്ലോക്ക് വിഹിതമായി നൽകിയിട്ടുണ്ട് (ബിൽനം 7/2017-18/28.8.2017 – 6,00,000 രൂപ, ബിൽ നം.9/2017-18/15.9.2017 – 1,50,000രൂപ, ബിൽ നം.8/2017-18/29.8.2017 - 4.40,000 രൂപ). എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തന്മൂലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൈമാറിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പദ്ധതി പൂർത്തിയാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് മോണിട്ടറിംഗിലെ പോരായ്മയാണ് വ്യക്തമാക്കുന്നത്. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക ഹാജരാക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച 11,90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ഒറിജിനൽ രശിത് ഹാജരാക്കിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) അനുച്ഛേദം 256(സി) പ്രകാരം മൂന്നു വർഷത്തിന്മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ സ്ഥാപനത്തിന്റെ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ റീഫണ്ട് ചെയ്തതും ചെയ്യാത്തതുമായ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ കൃത്യത തിട്ടപ്പെടുത്താനായില്ല. ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ ബുക്കിംഗ് ഇനത്തിൽ നൽകിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക താഴെപ്പറയുന്ന വ്യക്തികൾക്ക് തിരികെ നൽകിയപ്പോൾ ഒറിജിനൽ രസീതുകൾ വൗച്ചറിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ബന്ധപ്പെട്ട വ്യക്തികൾ തുക കൈപ്പറ്റിയ രസീതു മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആയവ ഡെപ്പോസിറ്റ് രജിസ്റ്ററിനോടൊപ്പം ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/20.8.2018) മറുപടി ലഭ്യമായില്ല.

| പേര് | സെക്യൂരിറ്റി തുക | ചെക്ക് നമ്പർ |
|---|---|---|
| ശ്രീ.നാരായണൻ | 1,500 | 104148/10.4.17 |
| ശ്രീ.ഹാരിസ് (ബുക്കിംഗ് റദ്ദാക്കിയതിനാൽ മുഴുവൻ തുക) | 11,000 | 104149/12.4.17 |
| ശ്രീ.സന്തോഷ് കുമാർ | 3,500 | 104161/18.5.17 |
| ശ്രീ.നാസർ | 3,500 | 104160/18.5.17 |
| ശ്രീ.റഷീദ് കെ.ഇ. | 3,000 | 971838/2.9.17 |

| | | |
|---|---|---|
| ശ്രീ.ആശാലത | 4,000 | 971835/29.8.17 |
| ശ്രീ.ജോൺ എബ്രാഹം | 4,000 | 971844/25.9.17 |
| ശ്രീമതി.ഹസീനാബീവി. | 4,000 | 913017/7.7.17 |
| ശ്രീമതി.രജ്ഞ. | 4,000 | 971848/26.10.17 |
| ശ്രീ.ജോണി | 4,000 | 971849/26.10.17 |
| ആകെ | 42,500 | |

ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഒറിജിനൽ രസീതുകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-11 പട്ടണക്കാട് ഗ്രാമ പഞ്ചായത്തിലെ പഴംതുരുത്തു വെളി കോതകുളങ്ങര തോടിന്റെ കല്ലുകെട്ട് - അപാകതകൾ

പ്രോജക്ട് നം. S084/18

അടങ്കൽ – 8 ലക്ഷം (വികസനഫണ്ട്)

കരാറുകാരൻ – ശ്രീ.സി.എ.ബഷീർ

അളവു പുസ്തകം – 34/16-17

നിർവ്വഹണം – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 8 ലക്ഷം രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിച്ചുകൊണ്ട് തോടിന്റെ ഇരുവശങ്ങളിലും 55.5m നീളത്തിൽ കല്ല് കെട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 18-7-2017 ലെ 1(1) നിശ്ചയപ്രകാരം തോടിന്റെ പടിഞ്ഞാറെ കരയിൽകൂടി റോഡ് നിർമ്മിക്കുന്നതിന് പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതിനാൽ പ്രവൃത്തി തോടിന്റെ പടിഞ്ഞാറെ കരയിൽകൂടി മാത്രം മതിയെന്ന തീരുമാനിച്ചു. തോടിന്റെ പടിഞ്ഞാറെ കരയിൽകൂടി റോഡ് നിർമ്മിക്കുന്നതിന് കിഴക്കേക്കരയിലെ കല്ലുകെട്ട് ഒഴിവാക്കിയതിന് വിശദീകരണം നൽകിയിട്ടില്ല. ഇതനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. 17-11-17 ലെ കമ്മറ്റിയുടെ 2(3) നിശ്ചയപ്രകാരം പട്ടണക്കാട് ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം തോടിന് ആഴം കൂട്ടി മണ്ണ് വശങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ പണിക്ക് താമസം നേരിട്ടിട്ടുണ്ടെന്ന് കരാറുകാരൻ അറിയിച്ചിട്ടുള്ളത് പരിഗണിച്ച് പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുവാൻ തീരുമാനിച്ചു. സ്ഥലം കരാറുകാരനെ ഏൽപ്പിച്ചതിനു ശേഷം അതിൽ മറ്റ് വർക്കുകൾ നടത്തിയത് ക്രമ പ്രകാരമല്ല.
3. 31-3-2017 ൽ കരാർ വയ്ക്കുകയും 10-4-2017 ൽ സ്ഥലം കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. കരാർ അനുസരിച്ച് 30-6-2017 ൽ വർക്ക് പൂർത്തിയാക്കേണ്ടതായിരുന്നെങ്കിലും 20-7-2017 മാത്രമാണ് മെഷർമെന്റ് എടുത്തതായി അളവ് പുസ്തകത്തിൽ കാണുന്നത്.

മുകളിൽ ചേർത്തിട്ടുള്ളതിൽ നിന്നും ചെയ്ത പ്രവൃത്തി പ്രാധാന്യമുള്ളതായിരുന്നില്ല എന്നു കാണുന്നു. മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ അറിവോടെയല്ല ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് പ്രവൃത്തി നടത്തിയതെന്നും കാണുന്നു. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള സ്ഥലത്ത് മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ അതാത് ഗ്രാമപഞ്ചായത്തുകളുടെ അറിവോടെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 28121387 | P.M.A.Y | 15978403 | 12142984 |
| ഗ്രാമ പഞ്ചായത്ത് | 2017 | 20345836 | --do-- | 11086330 | 9259506 |

4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4). വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക: മുതൽ പലിശ | വർഷവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| EMS ഭവന പദ്ധതി | | 12281107 | 3684385 | 8596722 3684385 | 3684385 | |

4-5). സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6). ഓഡിറ്റ് റിക്കവറി

ഇല്ല.

4-7). സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | IV(21) | 2000-2001 | 201 | കന്നുകാലി ഗർഭകാല സംരക്ഷണപദ്ധതിയിൽ അധിക ചെലവായ 28205/-ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച | തുക നാളിതുവരെ അടച്ചിട്ടില്ല. (ട്രിയാൾ സർവ്വീസിൽ നിന്നും വിരമിച്ചു). |

4-8). സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9). ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,53,85,320 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 10,51,19,952 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 4469036 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക |
|---|---|
| 3-1 | 6,26,656 |
| 3-2 | 22,87,500 |
| 3-3 | 1,60,880 |
| 3-6 | 16,000 |
| 3-7 | 1,88,000 |
| 3-9 | 11,90,000 |
| ആകെ | 44,69,036 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, |

| | |
|---|---|
| | തീയതി,18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2010-2011,2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.13 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15 /9.04.15 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി, 03.04.17 |
| 2014-15,2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി, 26.12.16 |
| 2016-2017 | കെ.സ്.എ..എ.എൽ.പി.ബി.പി./1372/2017 തീയതി, 8.11.2017 |

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം 1</u>

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-1469/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 06.10.2018

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലിക നിയമം 295 (4) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-8 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

No. KSA-ALP/BP-1469/2018

Kerala State Audit Department,

District Audit Office,Alappuzha.
Date: 06.10.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pattanakkad Block Panchayat in Alappuzha District for the year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Pattanakkad Block panchayat for the year 2017-18 except the observations in part 1-8 of the audit report properly presents the picture of income and expenditure.

.

Senior Deputy Director

Kerala State Audit Department

Alappuzha